മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

15(*45) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ വിശദമാക്കുമോ ;

(ബി) പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഇവർക്ക് നൽകുന്നുണ്ടോ ;

(സി) മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ സ്കൂൾ തലത്തിലെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; കൊഴിഞ്ഞുപോക്ക് തടയുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഫിഷറീസ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) മത്സ്യത്തൊഴിലാളി കുട്ടികൾക്കായി കേന്ദ്ര സർക്കാർ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന നഴ്സറിതലം തുടങ്ങി പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ബിരുദാനന്തരതലം വരെയുള്ള വിവിധ കോഴ്സുകൾക്കും വിവിധ ഡിപ്ലോമ/സർട്ടിഫിക്കറ്റ് കോഴ്സുകൾക്കും പഠിക്കുന്ന മത്സ്യത്തൊഴിലാളി വിഭാഗം വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും കോഴ്സിന്റെ സ്വഭാവമനുസരിച്ച് വിവിധനിരക്കുകളിൽ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു. നൂറുരൂപ മുതൽ 2065 രൂപവരെയാണ് ലംപ്സംഗ്രാന്റ് നിരക്കുകൾ. 50 രൂപ മുതൽ 470 രൂപവരെ സ്റ്റൈപ്പന്റ് നൽകുന്നുണ്ട്. മെഡിക്കൽ, എൻജിനീയറിംഗ്, അഗ്രികൾച്ചറൽ തുടങ്ങിയ എൻട്രൻസ് പരീക്ഷ പാസ്സായി വരുന്ന കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 120 രൂപ നിരക്കിലും, ഡിപ്ലോമയും അതിനു താഴെയുമുള്ള കോഴ്സുകൾ പഠിക്കുന്നവർക്ക് 100 രൂപയും പ്രീ മെട്രിക് കോഴ്സിന് പഠിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റൽ അന്തേവാസികൾക്ക് 70 രൂപയുമാണ് പോക്കറ്റ് മണിയായി നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് പട്ടികജാതിവികസന വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്കും നൽകുന്നുണ്ട്. എന്നാൽ സ്വാശ്രയ കോളേജുകളിൽ സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്കു മാത്രമാണ് നിലവിൽ ആനുകൂല്യം നൽകി വരുന്നത്. മറ്റ് കോഴ്സുകൾക്കുകൂടി അതേ ആനുകൂല്യം നല്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുൻകാലങ്ങളെ അപേക്ഷിച്ച് മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്ന് കൂടുതൽ കുട്ടികൾ വിദ്യാഭ്യാസത്തിനായി മുന്നോട്ട് വരുന്നുണ്ട്.

(ഡി) ഫിഷറീസ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) മത്സ്യത്തൊഴിലാളി കുട്ടികൾക്കായി കേന്ദ്രസർക്കാർ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

16(*46) ശ്രീ. കെ. അച്ചുതൻ :
ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ.വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വേതനം പണപ്പെരുപ്പവുമായി ബന്ധപ്പെടുത്തി പുനഃക്രമീകരിക്കാൻ കേന്ദ്ര സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് അവരുടെ വേതനത്തിൽ എത്ര ശതമാനം വർദ്ധനയാണ് ഇതുമൂലം ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഉപഭോക്തൃ വിലനിലവാര സൂചികയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ജോലിനോക്കുന്ന തൊഴിലാളികൾക്ക് എത്ര ശതമാനം കൂലി വർദ്ധന ലഭ്യമാക്കണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിരുന്നത് ;

(ഡി) ഇത്തരത്തിൽ വർദ്ധിപ്പിച്ച വേതനം എന്നുമുതൽ തൊഴിലാളികൾക്ക് ലഭ്യമാക്കും എന്നറിയിക്കുമോ ;

(ഇ) ഈ മേഖലയിലെ തൊഴിലാളികൾക്ക് അധികവേതനം നൽകുന്നതിന് ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly